# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1070 — 14-06-2012-ൽ മറുപടിക്ക്

## ഓഫീസേഴ്സ് ക്ലബ്ബിന്റെ ഉടമസ്ഥത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കോലിയക്കോട് എം. കൃഷ്ണൻനായർ<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരത്തുള്ള ഓഫീസേഴ്സ് ക്ലബ്ബ് ഇപ്പോൾ ആരുടെ ഉടമസ്ഥതയിലാണ് ; | (എ) ക്ലബ്ബ് നിൽക്കുന്ന ഭൂമി ഭാരവാഹികളുടെ അധീനതയിലാണ്. |
| (ബി) ഉടമസ്ഥതയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; | (ബി) സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസേഴ്സ് ക്ലബ്ബിന്റെ പാട്ട വാടക നിശ്ചയിച്ചതും ഡിമാന്റ് നോട്ടീസ് നൽകിയതും സംബന്ധിച്ച് പ്രസ്തുത ക്ലബ്ബ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു. പി. (സി) 17456/06 നമ്പർ കേസിന്മേൽ 03.04.2012-ൽ കേസ് തള്ളി ബഹു. ഹൈക്കോടതി ഉത്തരവ് ആയിട്ടുണ്ട്. |
| സി) ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടും ഈ സ്ഥലം സർക്കാർ ഏറ്റെടുക്കാൻ അനാസ്ഥ കാണിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) & (ഡി)<br>ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമപരമായ തുടർ നടപടികൾ സ്വീകരിക്കുവാൻ 17.4.2012-ന് തിരുവനന്തപുരം ജില്ലാ കളക്ടർക്കും അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) & സ്പെഷ്യൽ ഓഫീസർ, ലാന്റ് ബാങ്കിനും നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് പാട്ടഭൂമി തിരിച്ചെടുത്ത് പാട്ടക്കുടിശ്ശിക ഈടാക്കുവാൻ തിരുവനന്തപുരം തഹസിൽദാർക്ക് നിർദ്ദേശവും നൽകിയിരുന്നു. |
| ഡി) ഇത്തരം സാഹചര്യം ഉണ്ടാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ; ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ? | |

സെക്ഷൻ ഓഫീസർ